# പുതിയ ഭൂമി

## THE NEW EARTH

**നിങ്ങൾക്കറിയാമോ:** ഒരു തലമുറ പോകുന്നു. മറ്റൊരു തലമുറ വരുന്നു. ഭൂമിയോ (നാം വസിക്കുന്ന ഗോളമോ) എന്നേക്കും നിൽക്കുന്നുവെന്ന് (സഭാ. 1:4; സങ്കീ. 119:90)?

ദൈവം ഭൂമിയെ (നമ്മുടെ ഗോളത്തെ) നിർമ്മിച്ചുണ്ടാക്കി. അവൻ അതിനെ ഉറപ്പിച്ചു. വ്യർത്ഥമായിട്ടല്ല (അക്ഷരീക അഗ്നിയാലോ മറ്റു വിധത്തിലോ നശിപ്പിക്കുന്നതിനല്ല) അവൻ അതിനെ സൃഷ്ടിച്ചത്, പാർപ്പിനത്രേ അതിനെ നിർമ്മിച്ചതെന്ന് (യെശ. 45:18)?

ദൈവം ആദ്യമനുഷ്യനായ ആദാമിനെ (ആത്മീയ ജീവിയായിട്ടല്ല ഒരു മനുഷ്യജീവിയായി) ഭൂമിയിൽ നിന്നുള്ളവനായി ഭൗമീകനായി (1 കൊരി. 15:45, 47; യോഹ. 3:31) (ആത്മ വസ്തുക്കൾ കൊണ്ടല്ല) നിലത്തെ പൊടികൊണ്ടു ഉണ്ടാക്കുകയും അവന്റെ മൂക്കിൽ ജീവശ്വാസം (ഇവിടെ ജീവൻ എന്ന പദത്തിന്റെ ബഹുവചനരൂപമാണ് എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്) ഊതുകയും മനുഷ്യൻ ഒരു ജീവാത്മാവായിത്തീരുകയും (ഉല്പ. 2:7) ചെയ്തെന്ന് ?

ദൈവം ആദാമിനും അവന്റെ വർഗ്ഗത്തിനും സ്വർഗ്ഗത്തിലല്ല, ഭൂമിയിൽ ഒരു ഭവനം വാഗ്ദത്തം ചെയ്തെന്ന് (ഉല്പ. 1: 28)?

സഭയ്ക്ക് മാത്രമേ സ്വർഗ്ഗത്തിൽ ഒരു ഭവനം വാഗ്ദത്തം ചെയ്തുള്ളുവെന്നും, യേശു തന്റെ സ്വർഗ്ഗാരോഹണം കഴിയുന്നതുവരെ അവർക്കായി അത് തയ്യാറാക്കിയില്ലെന്നും (യോഹ. 14:1-3; എബ്രാ. 10:34; 1 പത്രൊ. 1:3,4)?

ഏകസത്യസഭ (ജാതി, കക്ഷി ലിംഗ ഭേദമെന്യേ) (ഗലാ. 3:28) യേശുവിന്റെ കാൽചുവടുകൾ പിൻതുടരുന്നവരും, (1 പത്രൊ. 2:21) തങ്ങളുടെ മനുഷ്യശരീരങ്ങളെ ജീവനുള്ള ബലികളായി ദൈവത്തിന് സമർപ്പിക്കുന്നവരും (റോമ. 12:1) പുതിയ സൃഷ്ടികളായിത്തീരുന്നവരും (2 കൊരി. 5:17) അവർ സ്വർഗ്ഗത്തിൽ ആത്മീയ ജീവികളായി യേശുവിനോടുകൂടി ജീവിക്കുകയും വാഴുകയും ചെയ്യേണ്ടതിന് (വെളി. 20: 4,6; 5:9,10) അവരുടെ ജഡത്തിന്റെ പ്രവർത്തികളെ ആത്മാവിനാൽ മരിപ്പിക്കുന്നവരും (റോമ. 8:13) വിശ്വാസത്തിന്റെ നല്ലപോർ പൊരുതുന്നവരും (1 തിമൊ. 6:12) അവനോടുകൂടെ മരിക്കുന്നവരും, മരണത്തോളം വിശ്വസ്തതയോടെ അവനോടുകൂടെ കഷ്ടമനുഭവിക്കുന്നവരും (2 തിമൊ. 2:11,12; റോമ. 6:3; വെളി. 2:10) ആയിരിക്കുമെന്നും?

യേശു ദിവ്യപ്രകൃതിയുള്ളവനായിത്തീർന്നിരിക്കുന്നതുപോലെ “ചെറിയാട്ടിൻകൂട്ടം” “മണവാട്ടി” “കുഞ്ഞാടിന്റെ കാന്തയും” (ലൂക്കൊ. 12:32; വെളി. 21:2,9; 19:7) പുനരുത്ഥാനത്തിൽ മനുഷ്യപ്രകൃതിയിൽ നിന്ന് ദിവ്യപ്രകൃതിയിലേക്ക് മാറ്റപ്പെടുന്നുവെന്നും (1 കൊരി. 15:49–54; 1 യോഹ. 3:2; 2 പത്രൊ.

1:4) എന്തെന്നാൽ, “ജഡരക്തങ്ങൾ” (മനുഷ്യപ്രകൃതി) ദൈവരാജ്യത്തെ അവകാശമാക്കുകയില്ല, ദ്രവത്വം (നശിച്ചുപോകുന്നവ) അദ്രവത്വത്തെ അവകാശമാക്കുകയില്ലെന്നും ?

സുവിശേഷയുഗത്തിൽ “ലോകത്തിൽനിന്ന് തിരഞ്ഞെടുത്ത” (യോഹ. 15:19) തിരഞ്ഞെടുപ്പുഗണം “സകലത്തിന്റെയും യഥാസ്ഥാപന കാലമായ സഹസ്രാബ്ദയുഗത്തിൽ (അപ്പൊ. 3:21) ഭൂമിയിലെ സർവ്വഗോത്രങ്ങളേയും (തിരഞ്ഞെടുപ്പ് ഗണമല്ലാത്തവരെ; ഉല്പ. 12:3; 22:18; 26:4; 28:14; ഗലാ. 3:8,16,29) “മനുഷ്യരിൽ ശേഷിച്ചവർ കർത്താവിനെ അന്വേഷിക്കുമാറ് (അപ്പൊ. 15:14 –17) അവരെ അനുഗ്രഹിക്കുന്നതിന് ഉപയോഗിക്കപ്പെടുമെന്നും ?

യേശു പ്രായശ്ചിത്തമായിത്തീർന്നിരിക്കുന്നത് സഭയുടെ പാപങ്ങൾക്ക് വേണ്ടി മാത്രമല്ല പിന്നെയോ സർവ്വലോകത്തിന്റെയും പാപങ്ങൾക്കു വേണ്ടിയാണെന്നും(1 യോഹ. 2:2) ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണമാസ്വദിപ്പാൻ അവൻ ദൂതന്മാരിലും അല്പം താഴ്ചയുള്ളവനാക്കപ്പെട്ടെന്നും (എബ്രാ. 2:9), അവൻ എല്ലാവർക്കും വേണ്ടി മരിച്ചെന്നും (2 കൊരി. 5:14,15), അവൻ എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്തന്നെ കൊടുത്തെന്നും, ഈ സാക്ഷ്യം തക്കസമയത്തുഅറിയിക്കേണ്ടതാണെന്നും (1 തിമൊ.2:6) ഇങ്ങനെ ദൈവം, സകലമനുഷ്യരുടേയും വിശേഷാൽ വിശ്വാസികളുടേയും രക്ഷിതാവാണെന്നും (1 തിമൊ. 4:10), സകല മനുഷ്യരും (ആദാമ്യ മരണശിക്ഷാവിധിയിൽ നിന്ന്) രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും (റോമ. 5:12–21; 1 കൊരി. 15:21-26; 1 തിമൊ. 2:4; യെശ. 29:18,24) അതായത് വഴിയും സത്യവുംജീവനും, (യോഹ. 14:6) രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ടിട്ടുള്ള ഏകനാമവും (അപ്പൊ. 4:12) ലോകത്തിലേക്കു വരുന്ന എല്ലാവരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചവും, (യോഹ. 1:9; ലൂക്കൊ. 2:10) ഭൂമിയിലെ ആയിരാണ്ടു വാഴ്ചയിൽ എല്ലാവരേയും തങ്കലേക്കു ആകർഷിക്കുന്നവനും (വെളി. 20:2–4,6; 5:10; യോഹ. 12:32) ആരുടെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങുകയും എല്ലാ നാവും യേശു ക്രിസ്തു കർത്താവെന്ന് ഏറ്റു പറയുകയും ചെയ്യുമോ, (ഫിലി. 2:10,11; യെശ. 45:22,23) ആ യേശുവിനേക്കുറിച്ചുള്ള പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നെന്നു?

“എന്നാണ ഭൂമിയെല്ലാം യഹോവയുടെ തേജസ്സുകൊണ്ടു നിറഞ്ഞിരിക്കും” എന്നിങ്ങനെ യഹോവ (സംഖ്യ. 14:21) വാഗ്ദത്തം ചെയ്തെന്നും അവൻ തന്റെ പാദപീഠം മഹത്വമുള്ളതാക്കുമ്പോൾ (അവന്റെ ആലങ്കാരിക പാദപീഠം ഭൂമിയാകുന്നു. യെശ. 66:1; അപ്പൊ. 7:49) ആ തേജസ്സ് വെളിപ്പെടുകയും എല്ലാ ജഡവും അത് കാണുകയും, ഭൂമിയുടെ അറുതികൾ ഒക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെ കാണുകയും, അവനെ മഹത്വപ്പെടുത്തുകയും ചെയ്യുമെന്നും (യെശ. 60:13; 40:5; 52:10; സങ്കീ. 67:7)?

അബ്രഹാമിന്റെ ജഡപ്രകാരമുള്ള സന്തതിക്ക് (സ്വർഗ്ഗത്തിലല്ല) ഈ ഭൂമിയുടെ ഒരു ഭാഗം ശാശ്വതാവകാശമായി നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് (ഉല്പ. 13:15; 17:8; ആമോ. 9:15)?

ദൈവം പിശാചിനേയും സർവ്വ മന:പൂർവ്വ ദുഷ്ടന്മാരേയും (രണ്ടാം മരണമായ നിത്യനാശത്തെ ലക്ഷ്യാർത്ഥത്തിൽ ചിത്രപ്പെടുത്തുന്ന) അഗ്നിതടാകത്തിൽ നശിപ്പിച്ചു കളയുമെന്നും (സങ്കീ. 145:20; യെശ.1:28; യെഹെ. 18:4,20; 1 കൊരി. 3:17; 2 പത്രൊ. 2:12; വെളി. 20:13,14; 21:8; മത്താ. 25:41,46; യൂദാ. 7; എബ്രാ. 2:14; യെശ. 14:15; യെഹെ. 23:18,19) തിന്മപ്രവർത്തിക്കുന്നവരെല്ലാവരും ഇങ്ങനെ ഛേദിക്കപ്പെടുമെന്നും, എന്നാൽ ....കർത്താവിനായി കാത്തിരിക്കുന്നവർ ഭൂമിയെ അവകാശപ്പെടുത്തുമെന്നും, കുറഞ്ഞോന്ന് കഴിഞ്ഞിട്ട് ദുഷ്ടൻ ഇല്ലാതായിത്തീരുമെന്നും, നീ അവന്റെ ഇടം സൂക്ഷിച്ചു നോക്കും, അവനെ കാണുകയില്ലെന്നും, എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കുമെന്നും, സമാധാന സമൃദ്ധിയിൽ അവർ ആനന്ദിക്കുമെന്നും, അവനാൽ അനുഗ്രഹിക്കപ്പെട്ടവർ ഭൂമിയെ കൈവശപ്പെടുത്തുമെന്നും, നീതിമാൻമാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കുമെന്നും, യഹോവയ്ക്കായി പ്രത്യാശിച്ച് അവന്റെ വഴി പ്രമാണിച്ചു നടക്ക, എന്നാൽ ഭൂമിയെ അവകാശമാക്കുവാൻ അവൻ നിന്നെ ഉയർത്തുമെന്നും, ദുഷ്ടൻമാർ ഛേദിക്കപ്പെടുന്നത് നീ കാണുമെന്നും, അതിക്രമക്കാർ ഒരുപോലെ മുടിഞ്ഞുപോകുമെന്നും, ദുഷ്ടന്മാരുടെ സന്താനം ഛേദിക്കപ്പെടുമെന്നും (സങ്കീ. 37:9–11,22,29,34,38; സദൃ. 2:21, 22; യെശ. 60:21)?

ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുമെന്നും (മത്താ. 24:35; വെളി. 6:14) എന്നാൽ ദൈവത്തിന്റെ നിത്യഭവനമായ സ്വർഗ്ഗവും, സഭയ്ക്കൊഴികെ മനുഷ്യർക്ക് പൊതുവേ നിശ്ചയിച്ചിരിക്കുന്ന നിത്യഭവനമായ ഭൂമിയും നശിപ്പിക്കപ്പെട്ടിട്ട് ഇങ്ങനെ ദൈവത്തിനും തന്റെ സൃഷ്ടികൾക്കും വസിക്കുവാൻ സ്ഥലം ഇല്ലാതെവരുമെന്നല്ല ഇതിനർത്ഥമെന്നും, എന്തെന്നാൽ അക്ഷരീക ആകാശവും ഭൂമിയും എന്നേക്കും നിലനിൽക്കുമെന്നും (2 കൊരി. 5:1; സഭാ. 1:4)?

അന്നുള്ളലോകം (ജലപ്രളയത്തിനുമുമ്പ് മനുഷ്യരുടെയിടയിൽ നിലവിലിരുന്ന കാര്യക്രമങ്ങൾ) ജലപ്രളയത്താൽ നശിപ്പിക്കപ്പെട്ടെന്നും (2 പത്രൊ. 2:5;3:6), എന്നാൽ അക്ഷരീകഭൂമി ശേഷിച്ചെന്നും, അതുപോലെ ഇപ്പോഴത്തെ ലോകം (അല്ലെങ്കിൽ കാര്യക്രമങ്ങൾ ഗലാ. 1:4;2 തിമൊ. 4:10; തീത്തൊസ്. 2:12) ഇതിന്റെ ആകാശ ഭൂമികളോടുകൂടി (മതപരവും, മതേതരവുമായ അതിന്റെ ദുരധികാരങ്ങളോടുകൂടി) തീക്കായി സൂക്ഷിച്ചിരിക്കുന്നെന്നും, അത് കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകേണ്ടതാണെന്നും, എന്റെ (ദൈവത്തിന്റെ) തീഷ്ണതാഗ്നിക്ക് ഇരയായിത്തീരേണ്ടതാണെന്നും (2 പത്രൊ. 3:7,10–12; സെഫ. 1:18; 3:8; ഹഗ്ഗാ. 2:6,7; എബ്രാ. 12:26–28), എന്നാൽ അക്ഷരീക ഭൂമി നിലനില്ക്കേണ്ടതാണെന്നും, എന്തെന്നാൽ അപ്പോൾ സകല ജാതികളും യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ച് ഏകമനസ്സോടെ അവനെ സേവിക്കേണ്ടതിനു ഞാൻ (ദൈവം) അവർക്ക് നിർമ്മലമായുള്ള അധരങ്ങളെ വരുത്തുമെന്നും (സെഫ.3:9) ?

വരുവാനുള്ള ലോകത്തിൽ (പുതിയ കാര്യക്രമങ്ങളിൽ എബ്രാ. 2:5) ദൈവത്തിന്റെ വാഗ്ദത്ത പ്രകാരം (അനീതിയും അക്രമവുമല്ല) നീതിയും

സ്നേഹവും വസിക്കുന്ന പുതിയ ആകാശവും (പുതിയ മതാധികാരങ്ങളും ക്രിസ്തുവിന്റെ രാജ്യവും) പുതിയ ഭൂമിയും(ഒരു പുതിയ അടിസ്ഥാനത്തിന്മേൽ സംഘടിപ്പിക്കപ്പെട്ട മനുഷ്യ സമുദായവും) ഉണ്ടായിരിക്കുമെന്നും (2 പത്രൊ. 3:13; യെശ. 65:17; 66:22; വെളി. 21:1)?

പുതിയ ഭൂമിയിലേക്ക് കർത്താവ് മറുവില കൊടുത്തു വാങ്ങിയവർ (തെരഞ്ഞെടുപ്പു ഗണമല്ലാത്തവർ) കീർത്തനങ്ങളോടും നിത്യാനന്ദത്തോടുംകൂടെ (ശവക്കല്ലറയിൽ നിന്ന് യോഹ. 5:28, 29) മടങ്ങിവരുമെന്നും, ദുഃഖവും നെടുവീർപ്പും ഓടിപ്പോകുമെന്നും, അന്ന് കുരുടന്മാരുടെ കണ്ണു തുറന്നുവരുമെന്നും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയില്ലെന്നും (യെശ. 35:10,5) അവർ വീടുകളെ പണിതു പാർക്കുമെന്നും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയുടെ ഫലം അനുഭവിക്കുമെന്നും...എന്റെ ദൈവത്തിന്റെ വിശുദ്ധപർവ്വതത്തിൽ (രാജ്യത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ലെന്നും, കർത്താവ് അരുളിച്ചെയ്യുന്നെന്നും (യെശ. 65:21–25; മീഖാ. 4:4) ?

ദൈവരാജ്യം വരുമെന്നും, അവന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടുമെന്നും, അവന്റെ വഴി ജാതികളുടെയിടയിലും അറിയപ്പെടുമെന്നും, ദൈവം അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയുമെന്നും, ഇനി മരണം ഉണ്ടാകുകയില്ലെന്നും, ഇനിമേൽ ശാപമുണ്ടാകുകയില്ലെന്നും (മത്താ.6:10; സങ്കീ.67; വെളി. 21:4; 22:3)?

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |

Visit us at: **www.biblestandardindia.com**

(For private circulation only)